പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5854** **04.11.2016- ൽ മറുപടിക്ക്**

## പി.ഡബ്ല്യൂ.ഡി. റോഡുകൾ റിപ്പയർ ചെയ്യുന്നതിന് തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. കുഞ്ഞിരാമൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജക മണ്ഡലത്തിൽ പ്പെടുന്ന എത്ര പി.ഡബ്ല്യൂ.ഡി. റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നിലവിൽ തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിൽപ്പെടുന്ന 16 പി.ഡബ്ല്യൂ.ഡി. റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നിലവിൽ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിൽ ഉദുമ - തെക്കിൽ , ബന്തടുക്ക - ചാമക്കൊച്ചി , ബന്തടുക്ക - ചൂരിത്തോട് - മാനത്തോട് - കോളിച്ചാൽ എന്നീ റോഡുകൾ റിപ്പയർ ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | ഉദുമ - തെക്കിൽ, ബന്തടുക്ക - ചാമക്കൊച്ചി, ബന്തടുക്ക - ചൂരിത്തോട് - മാനത്തോട് - കോളിച്ചാൽ എന്നീ റോഡുകൾ റിപ്പയർ ചെയ്യുന്നതിന് 25.02.2016, 29.02.2016 എന്നീ തീയതികളിലെ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ നടപടിക്രമം പ്രകാരം 125 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 01.01.2016-നു ശേഷമുള്ള മന്ത്രിസഭായോഗ തീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ലെവൽ ടാസ്ക്ഫോഴ്സ് ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തി നിർത്തിവയ്ക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും പിന്നീട് ടെണ്ടർ ചെയ്തതും, കരാർ ഒപ്പ് വച്ചതും, പണി തുടങ്ങിയതുമായ എസ്.എൽ.ടി.എഫ് പ്രവൃത്തികൾ മാത്രമേ തുടരാവൂ എന്ന നിബന്ധനയോടെ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഉദുമ - തെക്കിൽ, ബന്തടുക്ക - ചാമക്കൊച്ചി, ബന്തടുക്ക - ചൂരിത്തോട് - മാനത്തോട് - കോളിച്ചാൽ എന്നീ റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാവാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ തുടരുവാൻ സാധിച്ചില്ല. |
| (സി) | ഗതാഗതത്തിന് ബുദ്ധിമുട്ടായ, മേൽ സൂചിപ്പിച്ച മൂന്നു പി.ഡബ്ല്യൂ.ഡി. റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തികൾക്കുള്ള പുതിയ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| Sl No. | Name of work | Amount ( Rs. in Lakhs) |
|---|---|---|
| 1 | Kanathur- Erinhipuzha- Kuttikkole road Strengthening eroded berm Km between Km 1/750 and 1/950 | 7.00 |
| 2 | Cherkala- Jalsoor road Strengthening eroded berm portion Km 21/150 (OR) | 5.00 |
| 3 | Thekkil- Alatty road Strip BT surfacing bet Km 32/000 to 32/500, 33/000 to 33/450, 33/700 to 34/000 and 34/500 to 34/690 | 5.00 |
| 4 | Cherkala- Jalsoor Pot hole filling bet. Km 0/500 to 1/000, 1/600 to 2/000, 4/000 to 5/000 bet. Km 6/500 to 8/000, 9/600 to 10/000, 14/000 to 15/800 | 3.00 |
| 5 | Erumakkulam- Thanniyadi road BT patches km 1/500 - 2/600 | 4.00 |
| 6 | Udma- Mullassery road Providing bit concrete on road surface at Water logged potion between Km 0/100 and 1/000 Bet patches between Km 0/110 and 4/710 | 23.00 |
| 7 | Bandadukka- Vettiyadi Chamundikunnu- Ballamthodu road surfacing Km 7/200 to 7/500, 7/700 to 7/900, 8/000 to 8/350, 8/400 to 9/000 and 9/000 to 9/200 | 13.50 |
| 8 | Kundamkuzhi- Moonamkadavu- Periya road BT patches & strip BT Km 7/000 – 9/200 | 10.00 |
| 9 | Poochakkad Mosque- NH Periya Road surface rectification Km 2/000 to 3/500 | 10.00 |
| 10 | Anakkallu- Karivedakam- Pookayam road- Strip BT surfacing bet Km 0/000 to 1/200, 1/250 to 1/800, 2/000 to 2/800, 3/000 to 3/400, 3/500 to 4/000, 4/150 to 5/000 | 13.00 |
| 11 | Kunnuchi- Cherkkappara road BT patches Km 1/400 – 3/300 | 10.00 |
| 12 | Bench Kodathi- Ammangode- Kallukandam- Chathapady Road Strip BT between 0/000 and 2/000 | 14.00 |
| 13 | Kundamkuzhi- Moonamkadavu- Periya Road Strip BT Km 1/200 to 2/700 and 2/800 to 4/500 | 29.30 |
| 14 | Kunnochi- Cherkkappara Road Strip BT Km 0/000- 1/400 | 13.50 |
| 15 | Kanathur- Erinhipuzha- Kuttikole road Strip BT between 0/000 and 2/400 ( balance portion) | 10.00 |
| 16 | Bovikanam Bevinje Road Strip BT between Km 0/000 and 2/000 | 10.00 |